File No.GEDN-J2/116/2019-G.EDN

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം- "സമന്വയ" സോഫ്റ്റ് വെയർ - നിയമനാംഗീകാര പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് 29.6.2019വരെ സമയം അനുവദിച്ചുത്തരവാകുന്നു.

---

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(കൈ) നം.63/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 18/06/2019

---

പരാമർശം:- 1 സ.ഉ(എം.എസ്) 51/2019/പൊ.വി.വ തീയതി 31-5-15

2 12-6-2019 ലെ എച്ച്2/ 19500/2019/പൊ.വി.ഡ നമ്പരായ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്

ഉത്തരവ്

എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും സമന്വയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈനായി നടത്താൻ സൂചന ഒന്ന് ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.2019-2020 അധ്യയന വർഷത്തെ നിയമനങ്ങൾ എയ്ഡഡ് സ്കൂളുകളിൽ 1.6.2019 മുതലും (പ്രഥമാധ്യാപകരും അനധ്യാപകരും) 6.6.2019 മുതലും (അധ്യാപകർ) ആണ് ആരംഭിക്കുന്നത്. നിയമനം നടത്തി അധ്യാപക/അനധ്യാപകർ ജോലിയിൽ പ്രവേശിച്ച് 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട നിയമനാംഗീകാര പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കണമെന്നാണ് കെ.ഇ.ആർ അധ്യായം XIV-A, ചട്ടം 8(1)ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ പുതുതായി രൂപംകൊണ്ട "സമന്വയ"യിൽ ഏതാനും ചില നവീകരണങ്ങൾ കൂടി നടത്തുന്നതിനാൽ അത് ബന്ധപ്പെട്ടവർക്ക് ദൃശ്യമാക്കുന്നതിന് 15.6.2019 വരെ സമയം ആവശ്യമായിരുന്നതിനാൽ 2019 ജൂൺ 1 മുതൽ 14 വരെ തീയതികളിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങളുടെ പ്രൊപ്പോസലുകൾ സമന്വയ വഴി ഓൺലൈനായി സമർപ്പിക്കുന്നതിന് കെ.ഇ.ആർ അധ്യായം XIV-A, ചട്ടം 8(1) ൽ ഇളവ് അനുവദിച്ചു കൊണ്ട് 29.6.2019വരെ സമയം അനുവദിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ

**File No.GEDN-J2/116/2019-G.EDN**

പരാമർശം രണ്ട് കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.2019 ജൂൺ 1 മുതൽ 14 വരെ തീയതികളിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമന്വയ വഴി ഓൺലൈനായി സമർപ്പിക്കുന്നതിന് കെ.ഇ.ആർ അധ്യായം XIV-A, ചട്ടം 8(1) ൽ ഇളവ് അനുവദിച്ചു കൊണ്ട് 29.6.2019 വരെ സമയം അനുവദിച്ചുത്തരവാകുന്നു.15.6.2019 മുതൽ നടത്തുന്ന നിയമനങ്ങൾക്ക് ഇത്തരം ഇളവ് അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)

ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ (വെബ് & ന്യൂമീഡിയ)/പ്രസ്സ് റിലീസ്. വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്.

പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ